1. ഇ.ബി. XIII-കേരള നിയമസഭ/XI-7

# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

**2014 ജൂൺ 17, ചൊവ്വ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തരപ്രമേയം

### റോഡപകടങ്ങൾ

മി. സ്പീക്കർ : അമിതവേഗവും മദ്യപിച്ചുള്ള ഡ്രൈവിംഗും ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾ കർശനമായി തടയുന്നതിലെ വീഴ്ചകളും അശാസ്ത്രീയമായ റോഡ് നിർമ്മാണവും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാത്തതിനാലും

സംസ്ഥാനത്താകെ റോഡ് അപകടങ്ങളും അപകടമരണങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാലും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ. പി. ജയരാജൻ, വി. എസ്. സുനിൽകുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ഇന്നലെ രാവിലെ കുളത്തുമ്മൽ എൽ.പി. സ്കൂളിന് സമീപം നെടുമങ്ങാട് മോഹൻദാസ് എഞ്ചിനീയറിംഗ് കോളേജ് ബസ് അശ്രദ്ധമായി പിറകിലോട്ടെടുത്തതു കാരണം കാട്ടാക്കട കുറ്റിച്ചൽ റോഡിലൂടെ ഓടിച്ചുപോകുകയായിരുന്ന മോട്ടോർ സൈക്കിളിൽ ഇടിക്കുകയും അതിൽ സഞ്ചരിച്ചിരുന്ന പൂജപ്പുര പോലീസ് സ്റ്റേഷനിലെ സീനിയർ പോലീസ് ഓഫീസർ അജയകുമാറിന്റെ ഭാര്യ രാധികയും മകൾ ഭവ്യയും മരണപ്പെടുകയും അജയകുമാറിനും മകൾ ഭദ്രയ്ക്കും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ബസ് ഓടിച്ചിരുന്ന നെടുമങ്ങാട് ചുള്ളിമാനൂർ സ്വദേശി മധുകുമാറിനെതിരെ കാട്ടാക്കട പോലീസ് കേസ്സെടുക്കുകയും മദ്യപിച്ചിരുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കസ്റ്റഡിയിലെടുക്കുകയും ചെയ്തിട്ടുണ്ട്. ബസിന്റെ പെർമിറ്റും ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഡ്രൈവറുടെ ലൈസൻസും ക്യാൻസൽ ചെയ്യുന്നതോടൊപ്പം മറ്റ് നിയമ നടപടികളും

സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഇ. പി. ജയരാജൻ</u> : കാട്ടാക്കട കുളത്തുമ്മൽ എൽ.പി. സ്കൂളിന് സമീപം ഇന്നലെ രാവിലെയുണ്ടായ അതിദാരുണമായ അപകടത്തിൽ രാധിക, മകൾ ഭവ്യ എന്നിവർ മരണപ്പെടുകയും പൂജപ്പുര പോലീസ് സ്റ്റേഷനിലെ സീനിയർ പോലീസ് ഓഫീസറായ അജയകുമാറിനും മൂത്തമകൾ ഭദ്രയ്ക്കും പരിക്കേൽക്കുകയും ചെയ്തു. സ്വകാര്യ എഞ്ചിനീയറിംഗ് കോളേജിന്റെ ബസ് അശ്രദ്ധമായി പിന്നോട്ടെടുത്തതാണ് അപകടത്തിന് കാരണം. അവിടെയുണ്ടായിരുന്ന ഓട്ടോറിക്ഷാ ഡ്രൈവർമാരും മറ്റും ഓടിയെത്തിയാണ് അജയകുമാറിനെയും മൂത്തമകളെയും രക്ഷപ്പെടുത്തിയത്. സംസ്ഥാനത്ത് പ്രതിവർഷം ഏതാണ്ട് 4500-ൽപ്പരം ആളുകൾ റോഡ് അപകടങ്ങളിൽ മരണപ്പെടുകയാണ്. മദ്യപാനം, ഉറക്കമൊഴിഞ്ഞും അശ്രദ്ധയോടുകൂടിയുമുള്ള വാഹനം ഓടിക്കൽ, റോഡുകളുടെ ശോചനീയാവസ്ഥ, ട്രാൻസ്പോർട്ട് നിയമങ്ങളുടെ ലംഘനം എന്നിവ വാഹനാപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. വാഹനങ്ങളുടെ എണ്ണം പെരുകുന്നതനുസരിച്ച് നമ്മുടെ ഗതാഗത സൗകര്യങ്ങൾ വർദ്ധിക്കുന്നില്ല. 2005-ൽ സംസ്ഥാനത്ത് 30 ലക്ഷം വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഉണ്ടായിരുന്ന സ്ഥാനത്ത് 2013-ൽ അത് 80,48,673 ആയി വർദ്ധിച്ചു. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഫലപ്രദമായ സംവിധാനങ്ങളോ ജനങ്ങൾക്ക് സ്വൈര്യമായി

നടന്നുപോകുന്നതിനുള്ള പാതകളോ ഇല്ല. വിവിധ ആവശ്യങ്ങൾക്കായി കുഴിക്കുന്നതു നിമിത്തം റോഡുകൾ തകരാറിലാകുകയാണ്. ഇത്തരം പ്രശ്നങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : വാഹനാപകടങ്ങൾ ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം ഇത്തരം കുറ്റം ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതുമാണ്. കേരളത്തിൽ റോഡപകടങ്ങളുടെയും അപകട മരണങ്ങളുടെയും എണ്ണം കഴിഞ്ഞ വർഷങ്ങളേക്കാൾ കുറഞ്ഞിട്ടുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അപകടം ഇല്ലാതാക്കാൻ ഡ്രൈവർമാർക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ട്. കാറുകളുടെ പിൻസീറ്റിൽ ഇരിക്കുന്നവർ സീറ്റ് ബെൽറ്റ് ധരിക്കണമെന്ന് നിർബന്ധമാക്കണമോ എന്നത് സംബന്ധിച്ച് കൂട്ടായ ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കേണ്ടതാണ്. അപകടം കുറയ്ക്കുന്നതിന് കെ.എസ്.ആർ.ടി.സി. ഉൾപ്പെടെ എല്ലാ സ്റ്റേജ് ഗാരേജുകളിലും സ്പീഡ് ഗവർണർ ഘടിപ്പിച്ചിട്ടുണ്ട്. സ്കൂൾ സമയത്ത് ടിപ്പർ ലോറികൾ ഓടിക്കുന്നതിനും രാവിലെ എട്ട് മണി മുതൽ പത്ത് മണി വരെയും വൈകുന്നേരം നാല് മുതൽ ആറ് വരെയും കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശത്ത് ടാങ്കർ

ലോറികൾ ഓടിക്കുന്നതിനും നിരോധനമേർപ്പെടുത്തിയിട്ടുണ്ട്. ടാങ്കർ ലോറികളിൽ സ്പാർക്ക് അറസ്റ്റർ നിർബന്ധമാക്കണം, എക്സ്പ്ലോസീവ് ഡീറ്റെയിൽസ് രേഖപ്പെടുത്തണം, എന്നീ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മോട്ടോർ വാഹന ആക്റ്റ് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതും ഇക്കാര്യത്തെക്കുറിച്ച് ബന്ധപ്പെട്ടവരുമായി വിശദമായി ചർച്ച ചെയ്യുന്നതുമാണ്. കേരളത്തിലെ റോഡുകളെ സുരക്ഷിതമാക്കുന്നതിന് എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണമുണ്ടാകണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ട്രാഫിക് നിയമലംഘനവും മദ്യപിച്ച് വാഹനമോടിക്കുന്നതും അമിത വേഗതയുമെല്ലാം റോഡപകടങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള അടിസ്ഥാനകാരണം റോഡുകളുടെ ശോചനീയാവസ്ഥയും യഥാസമയം റോഡുകളുടെ വീതികൂട്ടൽ അടക്കമുള്ള പ്രവൃത്തികൾ നടത്താത്തതുമാണ്. ദേശീയപാതയടക്കമുള്ള റോഡുകളുടെ വികസനത്തിന് സർക്കാർ യാതൊന്നും ചെയ്യുന്നില്ല. കഴിഞ്ഞ

ഏതാനും ദിവസങ്ങൾക്കുള്ളിൽ നഗരത്തിൽ നിരവധി ജീവനുകൾ പൊലിഞ്ഞു. കഴക്കൂട്ടം മുതൽ കളിയിക്കാവിള വരെയുള്ള റോഡ് വികസനവും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ല. ഗവൺമെന്റിന്റെ നിലപാടുകളിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്.

**ശ്രദ്ധക്ഷണിക്കൽ**

## (1) മണ്ണെണ്ണ ദൗർലഭ്യം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് ന്യായവിലയ്ക്ക് മണ്ണെണ്ണ ലഭിക്കുന്നില്ലെന്നതാണ്. എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങളുപയോഗിച്ച് മത്സ്യബന്ധനം തുടങ്ങിയ നാൾ മുതൽ ആവശ്യമുള്ള മണ്ണെണ്ണയുടെ ചെറിയ ശതമാനം മാത്രമാണ് മത്സ്യബന്ധന തൊഴിലാളികൾക്ക് ലഭ്യമാക്കാൻ കഴിയുന്നത്. യന്ത്രവൽക്കരണം വന്നതിനുശേഷം 40 എച്ച്.പി. ശേഷിയുള്ള രണ്ട് എഞ്ചിനുകൾ ഘടിപ്പിച്ചുള്ള വള്ളങ്ങൾ മത്സ്യബന്ധനം നടത്തുമ്പോൾ മാസത്തിൽ 900-1200 ലിറ്റർ വരെ ആവശ്യമായി വരുന്ന സ്ഥാനത്ത് പൊതുവിതരണ ശൃംഖല വഴി കൊടുക്കുന്നത് 135-175 വരെ ലിറ്റർ മണ്ണെണ്ണയാണ്. പൊതുമാർക്കറ്റിൽനിന്ന് അമിത വിലയ്ക്ക്

മണ്ണെണ്ണ വാങ്ങേണ്ടി വരുന്ന ഇവർക്ക് നഷ്ടം സംഭവിക്കുകയാണ്. പരമ്പരാഗത ഔട്ട്ബോർഡ് എഞ്ചിന് ചുരുങ്ങിയത് മാസത്തിൽ 600-750 ലിറ്റർ മണ്ണെണ്ണ നിയന്ത്രിത വിലയ്ക്ക് നൽകാൻ നടപടിയുണ്ടാകണം. കാലാവധി കഴിഞ്ഞ വള്ളങ്ങൾ ഉപയോഗിച്ച് അനധികൃത പെർമിറ്റ് വാങ്ങുന്നത് സംബന്ധിച്ച് ജോയിന്റ് വെരിഫിക്കേഷൻ നടത്തണം. എണ്ണക്കമ്പനികളുമായി ധാരണയുണ്ടാക്കി പ്രധാന മത്സ്യബന്ധന കേന്ദ്രങ്ങളിലും ലാന്റിംഗ് സെന്ററുകളിലും ബങ്കുകൾ സ്ഥാപിച്ച് മണ്ണെണ്ണ ലഭ്യത ഉറപ്പാക്കാനും മണ്ണെണ്ണ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത തൊഴിലാളികളെ സഹായിക്കാനും ഗവൺമെന്റ് തയ്യാറാകണം. ഔട്ട്ബോർഡ് എഞ്ചിനുകളിൽ മണ്ണെണ്ണയ്ക്കു പകരം ഡീസൽ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ബാബു):</u> പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ആവശ്യമുള്ള മണ്ണെണ്ണ വിതരണം ചെയ്യാൻ ഗവൺമെന്റിന് സാധിക്കുന്നില്ല എന്നത് വസ്തുതയാണ്. എഞ്ചിനുകൾ മത്സ്യബന്ധനത്തിന് ഉപയോഗിച്ച കാലം മുതൽ നൽകിക്കൊണ്ടിരുന്ന മണ്ണെണ്ണയുടെ അളവിൽ കുറവ് വരുത്തുകയോ വർദ്ധനവ്

വരുത്തുകയോ ചെയ്തിട്ടില്ല. കേന്ദ്രത്തിൽനിന്നും പാചക ആവശ്യത്തിന് നൽകുന്ന മണ്ണെണ്ണയുടെ ഒരു നിശ്ചിത കിലോ ലിറ്റർ മത്സ്യബന്ധനത്തിന് പി.ഡി.എസ്. റേറ്റിൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപജീവനത്തിനായി ഏറെ കഷ്ടപ്പെടുകയും മണ്ണെണ്ണയുടെ ദൗർലഭ്യവും വിലവർദ്ധനവും അവരുടെ സാമ്പത്തിക നിലയെ ബാധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകുകയും ബഡ്ജറ്റിൽ വകയിരുത്തിയ 100 കോടി രൂപ ഉപയോഗിച്ച് മത്സ്യഫെഡ് വഴി സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഈ പദ്ധതി വഴി പരമ്പരാഗത മത്സ്യമേഖലയ്ക്ക് ആവശ്യമായ മണ്ണെണ്ണയുടെ നല്ലൊരു ഭാഗം മത്സ്യഫെഡ് വഴി വിതരണം ചെയ്യാനും സീസൺ സമയത്ത് കൂടിയ വിലയ്ക്ക് പൊതുവിപണിയിൽ നിന്ന് മണ്ണെണ്ണ വാങ്ങേണ്ട സാഹചര്യം ഒഴിവാക്കാനും സാധിച്ചു. പ്രധാനപ്പെട്ട ഓയിൽ കമ്പനികളുടെ സഹായത്താൽ ആദ്യഘട്ടത്തിൽ 12 ബങ്കുകൾ സ്ഥാപിച്ച് മത്സ്യഫെഡ് വഴി നേരിട്ട് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. ബങ്കുകൾ വഴി ഓപ്പൺ മാർക്കറ്റ്

നിരക്കിലും മണ്ണെണ്ണ വിതരണം ചെയ്യുന്നതുവഴി തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് പൂർണ്ണമായും സംരക്ഷിക്കാൻ സാധിക്കുമെന്നതാണ് പദ്ധതിയുടെ സവിശേഷത. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കേരളത്തിലെ മൂന്ന് ഓയിൽ കമ്പനികളുമായി ഇതിനകം ചർച്ച നടത്തുകയും ബങ്കുകൾ സ്ഥാപിക്കാൻ സഹകരിക്കാമെന്ന് ഉറപ്പ് നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി ഉടൻ പ്രാബല്യത്തിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുന്നതാണ്. കാലാവധി കഴിഞ്ഞതും ഇല്ലാത്തതുമായ വള്ളങ്ങളുടെ പേരിൽ മണ്ണെണ്ണ പെർമിറ്റ് വാങ്ങുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട മേഖലയിലെ സംഘടനകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ എഞ്ചിനുകൾക്ക് കാലപരിധി 15 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. ഒക്ടോബർ മാസത്തിൽ ഒരേ ദിവസം സംയുക്ത പരിശോധന നടത്തുന്നതുവഴി ഈ മേഖലയിൽ തട്ടിപ്പ് നടത്തുന്നവരെ ഒഴിവാക്കാനും യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് ലഭ്യമാക്കാനും സാധിക്കും. ബോട്ടുകളിൽ എഞ്ചിനുകൾ നിർമ്മിക്കുന്ന പ്രധാനപ്പെട്ട കമ്പനികൾ ഡീസൽ എഞ്ചിനുകൾ നിർമ്മിക്കുന്നില്ലെങ്കിലും യമഹ എഞ്ചിനിൽ പ്രത്യേക ഉപകരണം ഘടിപ്പിച്ചാൽ അതിൽ ഡീസലൈസ് ചെയ്യാൻ സാധിക്കുമെന്നത് പരീക്ഷണാടിസ്ഥാനത്തിൽ കോഴിക്കോട് പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 100

എഞ്ചിനുകൾ ഡീസലൈസ് ചെയ്യാനുള്ള സഹായം നൽകാനുള്ള പദ്ധതി ആവിഷ്ക്കരിച്ചുവെങ്കിലും 52 അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. മാസത്തിൽ ഒരു ലക്ഷം രൂപ സർക്കാർ സബ്സിഡിയും ബാക്കി 85000 രൂപ മത്സ്യഫെഡ് വായ്പയും നൽകി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് ജപ്പാനിലെ യമഹ കമ്പനിയുമായി കരാറിലേർപ്പെട്ടു കഴിഞ്ഞു.

## (2) കയർ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ഡോ. ടി. എം. തോമസ് ഐസക്: കയർ വ്യവസായം ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധി നേരിടുകയാണ്. 2007-08-നുശേഷം കയർ കയറ്റുമതിയിൽ കുറവുണ്ടാകുന്നതുകൊണ്ട് രണ്ടേകാൽ ലക്ഷം തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളാണെങ്കിലും 50000-75000 -ത്തിനുമിടയ്ക്കുള്ള തൊഴിലാളികൾക്കുമാത്രമേ തൊഴിൽ നൽകാൻ സാധിക്കുന്നുള്ളൂവെന്നത് ഗൗരവമായ വിഷയമാണ്. ആഭ്യന്തര കയറ്റുമതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഗൗരവമായ ചർച്ചകൾ നടത്തുകയും എത്തിച്ചേർന്ന ധാരണകൾ സർക്കാർ അടിയന്തരമായി നടപ്പാക്കുകയും വേണം. തിരുവനന്തപുരം ജില്ലയിൽ ക്ഷേമനിധി അംഗങ്ങൾ കുറഞ്ഞു വരികയും അവർക്ക് ലഭിക്കുന്ന പണി കുറഞ്ഞുവരികയും ചെയ്യുന്നത് സംബന്ധിച്ചും വരുമാന ഉറപ്പ്

പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 2200 പേരിൽ 1500 പേർക്ക് മാത്രം ആനുകൂല്യം നൽകാൻ കഴിഞ്ഞത് സംബന്ധിച്ചും പരിശോധിക്കണം. സംസ്ഥാനത്ത് ഏറ്റവും നല്ല കയർ സംഘമായി അവാർഡ് ലഭിച്ച പെരുങ്കുഴി സംഘം സമീപകാലത്തായി തകർച്ചയിലാകുന്നതും സാമ്പത്തിക പ്രതിസന്ധി നേരിടുന്നതും സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥന്മാരും ഈ മേഖലയിലുള്ള പ്രധാന കക്ഷിനേതാക്കളും പ്രസ്തുത സംഘം സന്ദർശിച്ച് പ്രായോഗിക നടപടികൾ സ്വീകരിക്കണം. കയർ മേഖലയിൽ തൊണ്ട് സംഭരണത്തിന് ആവശ്യമായ സംവിധാനമേർപ്പെടുത്തുന്നതിനും 50 പൈസ നിരക്കിൽ സബ്സിഡി നൽകുന്നതിനും നടപടി സ്വീകരിക്കണം. സഹകരണ മേഖലയിലെ 50 ഫൈബർ മില്ലുകൾ നന്നാക്കി ന്യായമായ വിലയ്ക്ക് ചകിരി സംഭരിക്കാൻ സംവിധാനമുണ്ടാക്കുന്നതോടൊപ്പം ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തിപ്പിക്കാനും ഏർപ്പാടുണ്ടാക്കണം. കയർഫെഡിൽ തെരഞ്ഞെടുപ്പ് നടത്താനും കയർ സംഭരണ മേഖലയിലെ പരാതികൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കണം. കയർ മേഖലയിലെ ജപ്തി നടപടികൾ നിറുത്തി വയ്ക്കാൻ അടിയന്തര ഇടപെടലുണ്ടാകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കയർമേഖലയെ സംരക്ഷിക്കുന്നതിനും തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പുവരുത്തുന്നതിനും സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡിന് ആവശ്യമായ ധനസഹായം നൽകിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് കൂടുതൽ ചകിരി ഉല്പാദിപ്പിക്കുവാനുതകുന്ന പ്രത്യേക പദ്ധതി ആരംഭിക്കുന്നതാണ്. നാളികേര വികസന ബോർഡുമായി സഹകരിച്ചുകൊണ്ട് കൂടുതൽ ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കയർ സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധന ഗ്രാന്റായി 446 സംഘങ്ങൾക്ക് 20.5 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി 270 സംഘങ്ങൾക്ക് 14.57 കോടി രൂപയും കയർഫെഡിന്റെ പ്രവർത്തന മൂലധന ഗ്രാന്റായി 10 കോടി രൂപയും ക്രയവില സ്ഥിരതാ പദ്ധതിപ്രകാരം 23.02 കോടി രൂപയും ഈ സർക്കാർ നൽകിയിട്ടുണ്ട്. കയർപിരി മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കയർഫെഡ് കയറിന്റെ വില വർദ്ധിപ്പിച്ചു നൽകണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡീ-ഫൈബറിംഗ് മേഖലയിൽ ഇൻകം സപ്പോർട്ട് പദ്ധതിയുടെ സർക്കാർ വിഹിതം ബാങ്ക് വഴി തൊഴിലാളികൾക്ക് നേരിട്ട് നൽകിവരുന്നു. പ്രവർത്തനരഹിതമായി കിടക്കുന്ന ഡി-ഫൈബറിംഗ് മില്ലുകൾ പുനരാരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇൻകം സപ്പോർട്ട് സ്കീമിന് അർഹതപ്പെട്ട തൊഴിലാളികളുടെ എണ്ണം വളരെ കുറവായതിനാൽ സ്വകാര്യ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെക്കൂടി ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തുന്നതിന് തൊഴിലാളിനേതൃത്വം ശ്രമിക്കേണ്ടതാണ്. സർക്കാരിൽനിന്നും സഹായങ്ങൾ വാങ്ങി തൊഴിലാളികൾക്ക് തൊഴിൽ നൽകാതിരിക്കുന്ന സംഘങ്ങൾക്ക് തുടർന്ന് ആനുകൂല്യം നൽകുന്നതിനെക്കുറിച്ച് പുനരാലോചിക്കേണ്ടതാണ്. കൂടുതൽ ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ട് തൊണ്ട് സംഭരണം കാര്യക്ഷമമാക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സബ്മിഷൻസ്

### (1) കിനാലൂർ - കരിന്തളം പഞ്ചായത്തിലെ ഖനനം

ശ്രീ. ഇ. ചന്ദ്രശേഖരൻ: കിനാലൂർ - കരിന്തളം പഞ്ചായത്തിലെ ബോക്സൈറ്റ് ഖനനം തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പാരിസ്ഥിതിക പ്രശ്നങ്ങളുടെയും ജനങ്ങളുടെ എതിർപ്പിന്റെയും

അടിസ്ഥാനത്തിൽ ബോക്സൈറ്റ് ഖനനത്തിന് അനുമതി നൽകേണ്ടതില്ല എന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. ബോക്സൈറ്റ് ഖനനത്തിന് നൽകിയിട്ടുള്ള അനുവാദം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## (2) കെ.എസ്.ഇ.ബി. തൊഴിലാളികളുടെ സുരക്ഷ

ശ്രീ. ലൂഡി ലൂയിസ്: വൈദ്യുതി വിതരണ ശൃംഖലയിൽ ജോലി ചെയ്യുന്ന കെ.എസ്.ഇ.ബി. തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കി അപകട മരണങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): അപകടമരണങ്ങൾ കുറയ്ക്കാനുള്ള നടപടി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനായി ചീഫ് എഞ്ചിനീയർ തസ്തികയിൽ സേഫ്റ്റി കമ്മീഷണറെയും സോണൽ ഓഫീസുകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും നിയമിച്ചിട്ടുണ്ട്. അപകടങ്ങൾ സംഭവിക്കുന്നവർക്ക് വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് അനുസരിച്ച് മൂന്നുലക്ഷം മുതൽ 9 ലക്ഷം രൂപ വരെയും 10 ലക്ഷം രൂപയുടെ ഇൻഷ്വറൻസും 5 ലക്ഷം രൂപയുടെ ക്ഷേമ ഫണ്ടും ജീവഹാനി സംഭവിക്കുന്ന സാഹചര്യത്തിൽ കുടുംബത്തിലൊരാൾക്ക് ജോലിയും മൂന്നുലക്ഷത്തിൽ താഴെയുള്ള കോൺട്രാക്ടർമാർക്ക് ഡെപ്യൂട്ടി കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 9,14,000 രൂപ വരെ നഷ്ടപരിഹാരവും നൽകുന്നുണ്ട്.

## (3) നിർമ്മാണ പ്രവർത്തനങ്ങളുടെ ഏകോപനം

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: ഗുരുവായൂർ അഴുക്കുചാൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയുടെ ഭാഗമായി 1977-ൽ പൂർത്തിയാക്കിയ പമ്പ് ഹൗസുകളുടെയും കളക്ഷൻ വെല്ലുകളുടെയും പമ്പിംഗ് ലൈനുകളുടെയും ലൈനുകൾ ഉപയോഗശൂന്യമായതിനാൽ പുതിയ പി.വി.സി പൈപ്പ് ഉപയോഗിച്ച് 04-08-2011-ൽ കളക്ഷൻ നെറ്റ് വർക്ക് പണികൾ ആരംഭിക്കുകയും 5100 മീറ്റർ പൈപ്പ് സ്ഥാപിക്കുകയും ചെയ്തു. വെള്ളക്കെട്ടും റോഡുകളുടെ വീതിക്കുറവും ഭക്തജനങ്ങളുടെ തിരക്കും പണികൾക്ക് തടസ്സമാകുന്നുണ്ട്.

## (4) താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി(ശ്രീ. വി.എസ്. ശിവകുമാർ): കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സാമൂഹ്യാരോഗ്യ കേന്ദ്രത്തെ 26-05-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം

സ്പെഷ്യലിസ്റ്റുകളുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താലൂക്ക് ആശുപത്രിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സ്ഥലസൗകര്യം അപര്യാപ്തമായതിനാൽ പുതിയ കെട്ടിടം നിർമ്മിച്ച് അടിസ്ഥാന സൗകര്യം ലഭ്യമാക്കിയശേഷം താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (5) പാലങ്ങൾ നിർമ്മിക്കാൻ നടപടി

ശ്രീമതി കെ.കെ. ലതിക : അഴീക്കൽ കടവ്, പെരുഞ്ചേരി കടവ് പാലങ്ങൾ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): സ്ഥലമെടുപ്പിനും ഇൻവെസ്റ്റിഗേഷനുമായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ അഴീക്കൽ കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തിയാക്കിയതനുസരിച്ച് സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്. സ്ഥലമെടുപ്പിനും ഇൻവെസ്റ്റിഗേഷനുമായി 30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ പെരുഞ്ചേരിക്കടവ് പാലത്തിന് നിശ്ചയിച്ചിരുന്ന സ്ഥലത്ത് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് പ്രവൃത്തി ഏറ്റെടുത്തതിനാൽ പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച തുടർനടപടികൾ

നിറുത്തിവച്ചിരിക്കുകയാണ്.

## (6) കോരപ്പുഴ പാലത്തിന് പകരം പുതിയ പാലം

ശ്രീ. എ. കെ. ശശീന്ദ്രൻ: എലത്തൂർ നിയോജകമണ്ഡലത്തിൽ കോരപ്പുഴയ്ക്ക് കുറുകേയുള്ള പാലം പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി(ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): നാഷണൽ ഹൈവേ 17-ൽ കോഴിക്കോട് വെങ്ങളത്തിനും മേൽപ്പത്തൂരിനും ഇടയിലായി സ്ഥിതി ചെയ്യുന്ന കോരപ്പുഴ പാലം പുതുക്കി പണിയണമെന്ന ആവശ്യം പരിഗണിച്ച് സാധ്യാതപഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള പാലത്തിന്റെ 41.2 മീറ്റർ പടിഞ്ഞാറ് ഭാഗത്ത് 7.5 മീറ്റർ വീതിയിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള രൂപരേഖ തയ്യാറായിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പിന് 13.5 കോടി രൂപയും പാലം നിർമ്മാണത്തിനായി 35 കോടി രൂപയും ചെലവ് വരുമെന്ന് പ്രതിക്ഷിക്കുന്നു. പ്രസ്തുത പാലം നിലവിലുള്ള ദേശിയ പാതയുടെ അലൈൻമെന്റിൽ ഉൾപ്പെടിട്ടുള്ളതിനാൽ കേന്ദ്ര ഉപരിതല ഗതാഗതാ മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. നിർമ്മാണ ചെലവ് 2014-15 വാർഷിക പദ്ധതിയിൽപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

## (7) ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തൽ

ശ്രീ. രാജു എബ്രഹാം : മണ്ണാറക്കുളഞ്ഞി- പമ്പ റോഡിന്റെ സമാന്തരമായി റാന്നി അങ്ങാടി ഇട്ടിയപ്പാറയിൽനിന്നും തുടങ്ങുന്ന അറുവച്ചാങ്കുഴി ഐത്തല റോഡിന്റെ നിർമ്മാണം ആർ.ഐ.ഡി.എഫ്. 20-ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : ഡി.പി.ആർ. തയ്യാറാക്കിയ അറുവച്ചാംകുഴി-ഐത്തല-പാരലൽ റോഡിന്റെ നിർമ്മാണം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതിന് എട്ടുമീറ്റർ വീതി ആവശ്യമായതിനാൽ എട്ടുമീറ്റർ വീതിയിൽ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി പ്രസ്തുത റോഡ് നിർമ്മാണം ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമിയേറ്റെടുക്കുന്നതിന് നബാർഡ് തുക നൽകാറില്ല.

## (8) കോട്ടയം -കോടിമത പാതയുടെ നിർമ്മാണം

ശ്രീ. പി. തിലോത്തമൻ: ചേർത്തല -കോട്ടയം -കോടിമത പാതയുടെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :കുട്ടനാടന്റെ സമഗ്രവികസനത്തിനും വിനോദസഞ്ചാരകേന്ദ്രമായ കുമരകത്തിന്റെ

ഗതാഗതസംവിധാനം മെച്ചപ്പെടുത്തുന്നതിനുമുതകുന്ന ഒരു ടൂറിസ്റ്റ് ഹൈവേ നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കേരള റോഡ് ഫണ്ട് ബോർഡ് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ കോട്ടയം കോടിമതമുതൽ വെച്ചൂർവരെ ഒന്നാംഘട്ടവും വെച്ചൂർ മുതൽ ചേർത്തല എക്സ്റേ ജംഗ്ഷൻവരെ രണ്ടാം ഘട്ടവുമായി നിർമ്മിക്കാനാണ് കൺസൾട്ടന്റ് ശുപാർശ ചെയ്തിരിക്കുന്നത്. കോടിമത മുതൽ വെച്ചൂർവരെയുള്ള ഒന്നാം ഘട്ടത്തിന്റെ ഒട്ടുമിക്ക ദൂരവും ഗ്രീൻഫീൽഡ് അലൈൻമെന്റാണ് വരുന്നത്. വെച്ചൂർ മുതൽ മുഹമ്മ ജംഗ്ഷൻ വരെയുള്ള ഏകദേശം മൂന്നാല് കിലോമീറ്ററോളം നിലവിലുള്ള റോഡ് ഉപയോഗപ്പെടുത്തിയും ബാക്കി പുതുതായി സ്ഥലമേറ്റെടുത്തും വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. നാൽപത്തിയഞ്ച് മീറ്റർ വീതിയിൽ സ്ഥലമേറ്റെടുത്ത് നാലുവരിപാത നിർമ്മിക്കാനാണ് പദ്ധതിയിലൂടെ വിഭാവന ചെയ്തിരിക്കുന്നത്. ബി.ഒ.റ്റി. വ്യവസ്ഥയിൽ പതിനഞ്ചുവർഷത്തെ പരിപാലനം ഉൾപ്പെടെ പൊതുസ്വകാര്യപങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നതിനും സാമ്പത്തികഭാരം കുറയ്ക്കാനായി സർക്കാർ ടോൾ പിരിക്കുന്നതിനും റോഡിന്റെ ഇരുവശങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ടൂറിസം പദ്ധതികൾ നടപ്പാക്കി ധനസമാഹരണം നടത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഒന്നാം ഘട്ടനിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

## (9) ആദിവാസി കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ

ശ്രീ. കെ. രാധാകൃഷ്ണൻ: ആദിവാസി മേഖലയിലൽ പോഷകാഹാരക്കുറവുമൂലം പ്രയാസമനുഭവിക്കുന്ന കുട്ടികളുടെയും അമ്മമാരുടെയും സംരക്ഷണത്തിനായി സർക്കാർ പ്രഖ്യാപിച്ച വിവിധ പാക്കേജുകൾ പ്രാവർത്തികമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഈ വിഷയത്തിൽ ആരോഗ്യവകുപ്പും പട്ടികവർഗ്ഗവികസനവകുപ്പും ശക്തമായ ഇടപെടൽ നടത്തണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ 2013 ഏപ്രിൽ മാസം മുതൽ പോഷകാഹാരക്കുറവുമൂലം ശിശുമരണങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മുഖ്യമന്ത്രിതലത്തിൽ മന്ത്രിമാരുടെ ഒരു യോഗം വിളിച്ചുചേർക്കുകയും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. പോഷകാഹാരക്കുറവ്, ജനിതകവൈകല്യങ്ങൾ, മാസം തികയാതെയുള്ള പ്രസവം, കുഞ്ഞുങ്ങളുടെ തൂക്കക്കുറവ്, യഥാസമയം ചികിത്സ ലഭ്യമാക്കാതിരിക്കൽ എന്നീ കാരണങ്ങൾ കൊണ്ടാണ് ശിശുമരണങ്ങൾ സംഭവിക്കുന്നത് എന്നാണ് വിവിധ ഏജൻസികളുടെ പഠനറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പോഷകാഹാരക്കുറവ് കണ്ടെത്തിയ കുട്ടികളെ അഗളിയിലെ

സാമൂഹ്യാരോഗ്യകേന്ദ്രത്തിലും കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും പുതൂർ, ഷോളയാർ തുടങ്ങിയ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകളിലും പ്രത്യേക പരിചരണം നൽകിവരുന്നു. പ്രത്യേകം തയ്യാറാക്കിയ ജാതക് സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ കുട്ടികളുടെ പോഷണനിലവാരം വിലയിരുത്തുന്നുണ്ട്. സാമൂഹ്യ-ആരോഗ്യ-പട്ടികവർഗ്ഗവികസനവകുപ്പുകൾ എന്നിവയുടെ സഹകരണ ത്തോടെ പോഷണം നൽകാനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): ആദിവാസി മേഖലകളിൽ വിവിധ വകുപ്പുകളുടെ സംയോജനത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ആരോഗ്യവകുപ്പ് അട്ടപ്പാടിയിൽ പ്രത്യേകം പാക്കേജ് പ്രഖ്യാപിക്കുകയും കേന്ദ്രസഹായമായി 11 കോടി രൂപ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുകയും സ്ക്രീനിംഗ് നടത്തി പോഷകാഹാരക്കുറവ് കണ്ടെത്തിയ അമ്മമാർക്ക് പോഷകാഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഈ മേഖലകളിൽ മതിയായ ഡോക്ടർമാരെ നിയോഗിക്കുകയുമുണ്ടായി. ആരോഗ്യവകുപ്പ് ഏറ്റെടുത്തിട്ടുള്ള പദ്ധതികളെല്ലാം മാസംതോറും അവലോകനം നടത്തി എന്തെങ്കിലും പോരായ്മകൾ കാണുന്നപക്ഷം

അവ സമയബന്ധിതമായി നടപ്പിലാക്കാനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്. .

## (10) ഇറാഖി മലയാളികളുടെ പ്രശ്നങ്ങൾ

ശ്രീ. അൻവർ സാദത്ത്: ആഭ്യന്തരവംശീയ പോരാട്ടം, ഭീകരസംഘടനയായ ഐ.എസ്.ഐ.എസ്.ന്റെ ആക്രമണം എന്നിവമൂലം പാലായനം ചെയ്യുന്ന ഇറാഖി മലയാളികളെ നാട്ടിലെത്തിക്കുന്നതിനും ബന്ധുക്കൾക്ക് ഇവരെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിന് ഒരു ഹെൽപ്പ് ലൈൻ സംവിധാനമേർപ്പെടുത്താനും ആവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ആഭ്യന്തര കലാപങ്ങളാൽ കലുഷിതമായ ഇറാഖിൽ ജോലി ചെയ്യുന്ന മലയാളികളുടെ സുരക്ഷയും മടക്കയാത്രയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതു സംബന്ധിച്ചും കേന്ദ്ര വിദേശ കാര്യമന്ത്രിയുമായും ഇന്ത്യൻ എംബസിയുമായും ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താമസസ്ഥലത്തുനിന്ന് എയർപോർട്ടിലേയ്ക്കുള്ള മാർഗ്ഗം സുരക്ഷിതമാണെന്ന് ബോദ്ധ്യപ്പെട്ടാൽ അടിയന്തിരമായി അവരെ മടക്കിക്കൊണ്ടുവരുന്നതാണ്.

## (11) ഭൂമി ഏറ്റെടുക്കൽ

ശ്രീ. റ്റി. യു. കുരുവിള: തങ്ങളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡ്

നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ കാലതാമസം ഒഴിവാക്കുകയും കാലതാമസത്തിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): എറണാകുളം ജില്ലയിലെ തങ്ങളം-കോഴിപ്പിള്ളി ബൈപ്പാസിനുവേണ്ട സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയ ഭൂമിയുടെ സർവ്വേ നമ്പരിലുള്ള പിശക് സംബന്ധിച്ച കേസ്സിൽ ഹൈക്കോടതി അനുവദിച്ച സ്റ്റേ നീക്കം ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയ സർവ്വേ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചാലുടൻ ജില്ലാ കളക്ടർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നടപടികളിൽ മനഃപൂർവ്വം കാലതാമസമുണ്ടാക്കുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അയാൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

## (12) റവന്യൂ ഡിവിഷണൽ ഓഫീസ്

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇരിങ്ങാലക്കുടയിൽ റവന്യൂ ഡിവിഷണൽ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ജനസാന്ദ്രതയും കൂടുതൽ വില്ലേജുകളും താലൂക്കുകളുമുള്ള തൃശ്ശൂർ ജില്ലയിൽ ഒരു റവന്യൂ ഡിവിഷണൽ ഓഫീസ്

മാത്രമുള്ളതുകാരണം ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെങ്കിലും ഇപ്പോൾ പുതിയ റവന്യൂ ഡിവിഷണൽ ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

## (13) കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. എ. റ്റി. ജോർജ്: വേനൽമഴയിലും കാലവർഷത്തിലും വ്യാപകമായി കൃഷിനാശമുണ്ടായ കാട്ടാക്കട, നെയ്യാറ്റിൻകര താലൂക്കുകളിലെ കൃഷിക്കാരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): തിരുവനന്തപുരം ജില്ലയിൽ പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള തുക സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നും കുടിശ്ശികയായി അനുവദിക്കാമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഇതിൽ വരൾച്ച, വേനൽമഴ എന്നിവ മൂലമുണ്ടായ കൃഷിനാശത്തിന്റെ പ്രഥമ വിവര റിപ്പോർട്ട് പ്രകാരമുള്ള തുകയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## (14) നഷ്ടപരിഹാരം നൽകൽ

ശ്രീ. എം. പി. വിൻസെന്റ്: ഒല്ലൂർ നിയോജക മണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ഭൂമിക്ക് പട്ടയമില്ലാത്തതിനാൽ ഗവൺമെന്റിൽ നിന്ന് യാതൊരുവിധ സഹായവും

ലഭിക്കുന്നില്ല. കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പ്രകൃതിക്ഷോഭത്തിൽ പുറമ്പോക്കിൽ താമസിക്കുന്നവരുടെ കൃഷിയും വീടും നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകാൻ നിയമങ്ങളിൽ വ്യവസ്ഥയില്ലാത്തതിനാലാണ് ധനസഹായം അനുവദിക്കാത്തത്. ഇവർക്ക് നിയമാനുസരണം പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (15) പ്രകൃതിക്ഷോഭം മൂലമുണ്ടായ കൃഷിനാശം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: വയനാട് ജില്ലയിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): വയനാട് ജില്ലയിലുടനീളം 739.09 ഹെക്ടറിലായി 12.95 കോടിയിലധികം രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിനായി വയനാട് ജില്ലാ കളക്ടർക്ക് ഇന്നലെത്തന്നെ പണം അനുവദിച്ചുനൽകിയിട്ടുണ്ട്.

## റിപ്പോർട്ട് സമർപ്പണം

'ഭൂമി കേരളം' പദ്ധതി സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

സമർപ്പിക്കപ്പെട്ടു.

**ക്രമപ്രശ്നം**

**ഹാജർ പുസ്തകത്തിൽ ഒപ്പുവയ്ക്കാതെ വോട്ട് ചെയ്തത് സംബന്ധിച്ച്**

ശ്രീ. കെ. എൻ. എ. ഖാദർ: സഭാംഗമായ ശ്രീ. എം. എ. ബേബി ഇന്നലെ ഹാജർ പുസ്തകത്തിൽ ഒപ്പുവയ്ക്കാതെ ധനാഭ്യർത്ഥന ചർച്ചയുടെ വോട്ടിംഗിൽ പങ്കെടുക്കുകയുണ്ടായി. ഹാജർ പുസ്തകത്തിൽ ഒപ്പുവയ്ക്കാത്ത ഒരംഗത്തിന് വോട്ടുചെയ്യാൻ അവകാശമുണ്ടോയെന്നത് സംബന്ധിച്ച് റൂളിംഗ് നൽകണം.

**റൂളിംഗ്**

മി. സ്പീക്കർ: ചെയറിന്റെ പരിശോധനയിൽ ശ്രീ. എം. എ. ബേബി ഇന്നലെ ഹാജർ പുസ്തകത്തിൽ ഒപ്പുവച്ചതായി കാണുന്നില്ല. എന്നാൽ അദ്ദേഹം ധനാഭ്യർത്ഥനകളുടെ വോട്ടിംഗ് സമയത്ത് സഭയിൽ ഹാജരായി വോട്ട് രേഖപ്പെടുത്തിയതായി കാണുന്നു. നിയമസഭാ ചട്ടം 172 പ്രകാരം സഭയിൽ സിറ്റിംഗുള്ള ദിവസം സെക്രട്ടറി ഒരു ഹാജർ പുസ്തകം സൂക്ഷിക്കേണ്ടതും സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർ ഒഴികെ ഹാജരാകുന്ന അംഗങ്ങൾ ഹാജരാകുന്ന എല്ലാ ദിവസവും അതിൽ ഒപ്പുവയ്ക്കേണ്ടതുമാണ്. മേൽപ്പറഞ്ഞവർ ഒഴികെയുള്ള അംഗങ്ങൾ ഏതെങ്കിലും ദിവസം ഹാജർ പുസ്തകത്തിൽ ഒപ്പുവച്ചിട്ടില്ലെങ്കിൽ ആ അംഗം പ്രസ്തുത ദിവസം

സഭയിൽ ഹാജരായിട്ടില്ലെന്ന് കരുതേണ്ടതാണെന്നും ചട്ടത്തിൽ അനുശാസിക്കുന്നു. ആയതിനാൽ ശ്രീ. എം. എ. ബേബി ഹാജർ പുസ്തകത്തിൽ ഒപ്പിടാതിരുന്നത് ചട്ടവിരുദ്ധമാണ്. എന്നാൽ വോട്ടിംഗിൽ പങ്കെടുക്കുന്നതിന് ഹാജർ പുസ്തകത്തിൽ ഒപ്പുവയ്ക്കണമെന്നില്ല. ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തുവാൻ വിട്ടുപോകുന്ന അംഗങ്ങൾ അക്കാര്യം രേഖാമൂലം അറിയിച്ചാൽ ഹാജർ രേഖപ്പെടുത്താൻ അനുമതി നൽകാറുണ്ട്. ശ്രീ. എം. എ. ബേബി ഹാജർ രേഖപ്പെടുത്തണമെന്ന് രേഖാമൂലം അറിയിച്ചാൽ അതിനുള്ള അനുമതി ചെയർ നൽകുന്നതാണ്.

## ധനകാര്യം

### 2014-2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XII - പോലീസ് (1705,74,64,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ (56,51,27,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.

മാണി): പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന വിഷയ നിർണ്ണയ സമിതിയുടെ ശുപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. കെ.കെ. ജയചന്ദ്രൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തെ കൊള്ളക്കാരുടെയും പിടിച്ചുപറിക്കാരുടെയും താവളമാക്കി ഈ സർക്കാർ മാറ്റിയിരിക്കുകയാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മാവോയിസ്റ്റുകളെ നേരിടുന്നതിനാവശ്യമായ നടപടികളൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല. മാവോയിസ്റ്റ് വിരുദ്ധ സേനയുടെ പ്രവർത്തനത്തെ സംബന്ധിച്ച് വ്യക്തമാക്കണം. ഉന്നത പോലീസുദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിന് മാനദണ്ഡമുണ്ടാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിന്മേൽ യാതൊരു നടപടിയുമുണ്ടായിട്ടില്ല. ഈ സർക്കാർ അധികാരമേറ്റശേഷം തീവ്രവാദ സ്വഭാവമുള്ള കേസ്സുകൾ എൻ.ഐ.എ.-യ്ക്ക് കൈമാറുന്നില്ല. ഓപ്പറേഷൻ കുബേര പ്രകാരം കുറ്റക്കാരാണെന്ന് കണ്ടെത്തിയ

പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്. ഗാഡ്ഗിൽ, കസ്തൂരി രംഗൻ റിപ്പോർട്ടുകളുടെ കാര്യത്തിൽ മലയോര നിവാസികൾക്കെതിരെ വഞ്ചനാപരമായ നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

<u>ശ്രീ. ജോസഫ് വാഴക്കൻ:</u> ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. യാതൊരു ആക്ഷേപത്തിനും ഇടനൽകാത്തവിധം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആഭ്യന്തരവകുപ്പിനെ ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടിയാണ് നോക്കിക്കാണുന്നത്. സർക്കാരിനെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് പ്രതിപക്ഷം ആരോപിച്ചുകൊണ്ടിരിക്കുന്നത്. ബ്ലേഡ് പലിശക്കാരെ അമർച്ചചെയ്യുന്നതിന് ഏർപ്പെടുത്തിയ 'ഓപ്പറേഷൻ കുബേര', ക്യാമ്പസുകളിൽ മയക്കുമരുന്ന് തടയുന്നതിന് ഏർപ്പെടുത്തിയ 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' എന്നീ പദ്ധതികൾ വളരെ സ്വാഗതാർഹമാണ്. ഗുണ്ടകളുടെയും മാഫിയകളുടെയും പിടിയിൽനിന്ന് സംസ്ഥാനത്തെ രക്ഷിക്കുന്നതിനും അവരെ അമർച്ച ചെയ്യുന്നതിനുമേർപ്പെടുത്തുന്നതിനും ആവശ്യമായ സംവിധാനമേർപ്പെടുത്തണം. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ട്രാഫിക് പോലീസിനെ കൂടുതൽ കാര്യക്ഷമമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ആക്സിഡന്റുണ്ടായാൽ

രോഗികളെ ആശുപത്രിയിലെത്തിക്കാനായി ഏർപ്പെടുത്തിയ ' സൈമൽ പ്രോഗ്രാം' എന്ന പദ്ധതി സ്വാഗതാർഹമാണ്. സുരക്ഷാമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നതിന് ഫയർഫോഴ്സിന് ആവശ്യമായ ഉപകരണങ്ങൾ നൽകുന്നതിനും ഫ്ളാറ്റുപോലുള്ള കെട്ടിടങ്ങളിൽ റെസ്ക്യൂ ഓപ്പറേഷൻസ് നടത്തുന്നതിന് സ്കൈ ലിഫ്റ്റ് സംവിധാനമേർപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. ജയിലുകളെ കുറ്റവിമുക്തമാക്കുന്നതിന് ജയിൽവകുപ്പുകളിലെ വാർഡന്മാർക്ക് ഒരു വർഷത്തിനകം സ്ഥലംമാറ്റമേർപ്പെടുത്തണം. മോഡേണൈസേഷനുവേണ്ടി അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ച് പോലീസ് സ്റ്റേഷനുകളെ കൂടുതൽ നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. ജി. എസ്. ജയലാൽ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ ഭരണസ്തംഭനമാണ് നടക്കുന്നത്. നിയമസഭയെപ്പോലും നോക്കുകുത്തിയാക്കുകയാണ്. സംസ്ഥാനത്ത് നിയമവാഴ്ച തകരുകയാണ്. മോഷണവും ഭവനഭേദനവും വർദ്ധിച്ചുവരുന്നതോടൊപ്പം ഗുണ്ടാ മാഫിയാസംഘങ്ങളുടെയും ക്വട്ടേഷൻ സംഘങ്ങളുടെയും കൈപ്പിടിയിലാണ് കേരളം നിൽക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും രക്ഷയില്ലാത്ത അവസ്ഥയാണ് സംസ്ഥാനത്തുള്ളത്. കുറ്റവാളികൾ അധികാര കേന്ദ്രങ്ങളിൽ പിടിമുറുക്കിയിരിക്കുകയാണ്. തട്ടിപ്പുകേസുകളുടെ

കേന്ദ്രമായി മുഖ്യമന്ത്രിയുടെ ഓഫീസ് മാറിയിരിക്കുന്നു. ക്രമസമാധാനം ഉറപ്പുവരുത്തേണ്ട പോലീസുകാർതന്നെ നിരവധി ക്രിമിനൽ കേസുകളിൽ പ്രതികളാണ്. വിവിധ റാങ്കുകളിലുള്ള പോലീസ് ഉദ്യോഗസ്ഥർ സി.ബി.ഐ./വിജിലൻസ് കേസുകൾ നേരിടുകയാണ്. സാധാരണ ജനങ്ങൾക്ക് സ്വൈരമായി ജീവിക്കാൻ കഴിയില്ലെന്ന് തെളിയിക്കുന്ന നിരവധി സംഭവങ്ങളാണ് കേരളത്തിൽ നടക്കുന്നത്. സാധാരണക്കാർക്ക് ഒരു നീതിയും ഭരണ സ്വാധീനത്തിലുള്ളവർക്ക് മറ്റൊരു നീതിയുമാണ് നടപ്പാക്കുന്നത്. കേന്ദ്ര-സംസ്ഥാന ഭരണതലത്തിലുള്ള സ്വാധീനം കേരളത്തിന്റെ വിമാനത്താവളങ്ങൾവഴി കള്ളക്കടത്ത് വ്യാപകമാകുന്നതിന് കാരണമായിരിക്കുകയാണ്. ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കുന്നതിലെ വീഴ്ചകൾ പരിഹരിക്കണം. ജനസംഖ്യാനുപാതികമായി പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം. പഞ്ചായത്ത് തലത്തിൽ ഒരു പോലീസ് സ്റ്റേഷൻ എന്ന നിർദ്ദേശം പരിഗണിക്കണം. അപകടനിവാരണവുമായി ബന്ധപ്പെട്ട പരിമിതികൾ പരിഹരിക്കണം. തിരുത്തലുകൾ വരുത്തി നല്ല ഭരണം കാഴ്ചവയ്ക്കണം.

<u>ശ്രീ. സി. മോയിൻകുട്ടി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആഭ്യന്തര വകുപ്പ് മികച്ച പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മാഫിയകൾക്കെതിരെയും അക്രമം നടത്തുന്നവർക്കെതിരെയും കർശന നടപടിയുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. മുക്കം യത്തീംഖാനയെക്കുറിച്ച് പഠിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അനാഥാലയങ്ങൾക്കെതിരെ നടത്തുന്ന കുപ്രചരണങ്ങൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. ജയിലുകളിൽ പുകവലി നിരോധനം പൂർണ്ണമായി നടപ്പിലാക്കണം. കഞ്ചാവ് ഉപയോഗിക്കുന്നവരെ കണ്ടെത്തി ശിക്ഷിക്കാൻ നടപടി സ്വീകരിക്കണം. തടവുകാർക്ക് ജീവിതത്തിലേയ്ക്ക് തിരിച്ചുവരാനുള്ള സാഹചര്യമുണ്ടാക്കുന്നതിനാവശ്യമായ തൊഴിൽ പരിശീലനം നൽകണം. പത്ത് വർഷത്തിലധികം ജയിലിൽ കഴിയുന്നവരെ മോചിപ്പിക്കാൻ നിയമനിർമ്മാണം നടത്താൻ സാധിക്കുമോയെന്ന് പരിശോധിക്കണം. സംസ്ഥാനത്തെ മുഴുവൻ ചെക്ക്പോസ്റ്റുകളിലും വരുമാനം വർദ്ധിപ്പിക്കാനും അനധികൃത കടത്ത് തടയാനും നടപടികളുണ്ടാകണം. തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷന്റെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കാനും ആംബുലൻസ് സൗകര്യം ഏർപ്പെടുത്താനും

നടപടിയുണ്ടാകണം. വയനാട് ചുരത്തിലെ എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കണം. വനപ്രദേശങ്ങളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ എസ്.ടി. വിഭാഗത്തെക്കൂടി സഹകരിപ്പിച്ചുകൊണ്ട് പ്രശ്നത്തിന് പരിഹാരം കാണണം. യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കുന്ന ഓപ്പറേഷൻ കുബേര ജനഹ്ൃദയങ്ങളെ ആഴത്തിൽ സ്പർശിച്ചിട്ടുണ്ട്. ബ്ലേഡ് മാഫിയകൾക്കെതിരെ ശക്തമായ നീക്കങ്ങൾ നടത്തണം. കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാനും ശിക്ഷിക്കാനും കഴിയണം. യു.ഡി.എഫ്. ഗവൺമെന്റ് ജനപക്ഷത്തുനിന്ന് പ്രവർത്തിക്കുന്നതുകൊണ്ടാണ് വിജയകരമായി മുന്നോട്ടുപോകാൻ കഴിയുന്നത്.

ശ്രീ. സി. കെ. നാണു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആദിവാസികൾക്ക് ഭൂമി നൽകാനും ജീവിതസുരക്ഷ ഉറപ്പാക്കാനും നടപടിയുണ്ടാകണം. അവർക്ക് വനം വകുപ്പിൽ ജോലി നൽകണം. വനപ്രദേശങ്ങളിൽനിന്ന് മാവോയിസ്റ്റുകളെ തുരത്തുകയും വനസമ്പത്ത് കൊള്ളയടിക്കപ്പെടുന്നത് തടയുകയും വേണം. യുവജനപ്രസ്ഥാനങ്ങൾ നടത്തുന്ന

പ്രക്ഷോഭങ്ങൾക്കുനേരെ മർദ്ദനമുറ പ്രയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തണം. വടകരയിലെ പുതിയ റൂറൽ എസ്.പി. ഓഫീസിന്റെ പണി പൂർത്തീകരിക്കാനും ഒരു പുതിയ ജയിൽ സ്ഥാപിക്കാനും നടപടിയുണ്ടാകണം. ഇന്ത്യാ രാജ്യത്ത് ബി.ജെ.പി. കേവലഭൂരിപക്ഷം നേടി ഭരണസാരഥ്യം ഏറ്റെടുത്തിരിക്കുന്ന സന്ദർഭത്തിൽ രാജ്യം കുത്തകകൾക്ക് അടിയറ വയ്ക്കപ്പെടാൻ പോകുകയാണ്. കുടുംബവാഴ്ചയില്ലാത്ത പാർട്ടിയാക്കി കോൺഗ്രസ്സിനെ മാറ്റാൻ സാധിക്കുമോയെന്ന് വ്യക്തമാക്കണം.

ശ്രീ. മോൻസ് ജോസഫ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ യു.ഡി.എഫ്. ഒറ്റക്കെട്ടായി നടത്തിയ പ്രവർത്തന വിജയമാണ് കഴിഞ്ഞ ലോക് സഭാ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.നുണ്ടായ വിജയം അഭിനന്ദനാർഹമാണ്. കേരളത്തിന്റെ ക്രമസമാധാന നില ഭദ്രമാക്കി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുമുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന സർക്കാരാണിത്. 'ഓപ്പറേഷൻ കുബേര' വിജയകരമായി മുന്നോട്ടു പോകുകയാണ്. 'നിർഭയ കേരളം

സുരക്ഷിത കേരളം' പദ്ധതി നടപ്പിലാക്കാൻ സംസ്ഥാനം മുന്നോട്ടുവന്നത് നല്ല കാര്യമാണ്. 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് ' എന്ന മുദ്രാവാക്യത്തിലൂടെ ഭാവി തലമുറയെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിൽനിന്ന് പിൻതിരിപ്പിക്കാനും കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരാനും എടുത്ത നടപടികൾ ശ്ലാഘനീയമാണ്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനം വ്യാപകമാക്കണം. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി രൂപീകരിച്ചിട്ടുള്ള നിയമസഭാ സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും പ്രത്യേകം പരിശോധനയ്ക്ക് വിധേയമാക്കുകയും കാലാകാലങ്ങളിൽ അവ നടപ്പിലാക്കാൻ ശ്രമിക്കുകയും വേണം. ജയിലുകളുടെ നവീകരണത്തിനും ജയിലുകളിൽ മദ്യം, കഞ്ചാവ്, പുകവലി മറ്റ് നിയമവിരുദ്ധമായ കാര്യങ്ങൾ എന്നിവ നിരോധിക്കാൻ ശക്തമായ ഇടപെടലുകൾ നടത്തുകയും തൊഴിൽ പരിശീലന പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യണം. ജയിൽ നിയമം അനുശാസിക്കുന്ന തരത്തിൽ സ്ത്രീ തടവുകാരുടെ പ്രായം, കുറ്റകൃത്യങ്ങളുടെ സ്വഭാവം, ശിക്ഷയുടെ സ്വഭാവം എന്നിവ അനുസരിച്ച് തരംതിരിക്കാൻ നടപടി സ്വീകരിക്കണം. തടവുകാരായ അമ്മമാരോടൊപ്പം കഴിയുന്ന ആറ് വയസ്സുവരെയുള്ള കുട്ടികൾക്ക് ജയിലിനുപുറത്ത് ക്രഷ് സംവിധാനം ഏർപ്പെടുത്തണം. വനിതാ ജയിലുകളിൽ

അക്ഷരാഭ്യാസമില്ലാത്ത തടവുകാർക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിന് പ്രത്യേക പരിഗണന നൽകണം. സ്ത്രീപീഡന കേസ്സുകളിൽ ഉൾപ്പെടുന്ന പ്രതികളുടെ പ്രായം പരിഗണിക്കാതെ, കുറ്റകൃത്യത്തിന്റെ വ്യാപ്തിയും ഗൗരവവും കണക്കിലെടുത്ത് പരമാവധി ശിക്ഷ ഉറപ്പുവരുത്താൻ കഴിയുന്ന തരത്തിലുള്ള നിയമഭേദഗതി നടപ്പാക്കണം. ജനമൈത്രി പോലീസിന്റെ പ്രവർത്തനങ്ങൾ അർത്ഥപൂർണ്ണമായി മുന്നോട്ടുകൊണ്ടുപോകാൻ ആവശ്യമായ മാറ്റങ്ങൾ വരുത്തണം.

ശ്രീ. ഹൈബി ഈഡൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആഭ്യന്തര വകുപ്പിന് പുതിയ മുഖം നൽകാനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ ശ്ലാഘനീയമാണ്. പോലീസ് വകുപ്പിനെ ജനകീയവൽക്കരിക്കാൻ നടപടികൾ സ്വീകരിക്കണം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ജനപക്ഷ നിലപാടുകൾ സ്വീകരിക്കാൻ പോലീസ് സേനയ്ക്ക് കഴിയണം. എറണാകുളം ജില്ലയിൽ ആരംഭിച്ച 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തുന്നതിനും പ്രസ്തുത പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. വിദ്യാർത്ഥികളിലെ മയക്കുമരുന്ന് ഉപയോഗവും ആഡംബര ഹോട്ടലുകളിൽ നടത്തുന്ന പാർട്ടികളും നിരോധിക്കുന്നതിനും

മയക്കമരുന്നിന്റെ ഉപയോഗമുൾപ്പെടെയുള്ള സാമൂഹ്യതിന്മകളെ പ്രോത്സാഹിപ്പിക്കുന്ന സിനിമകൾ നിരോധിക്കാനും ശാസ്ത്രീയ രീതിയിലുള്ള കുറ്റാന്വേഷണ രീതികൾ അവലംബിക്കാനും പോലീസ് സേനയുടെ മോഡണൈസേഷന്റെ ഭാഗമായി ആധുനിക കുറ്റാന്വേഷണ കേന്ദ്രങ്ങൾ കേരളത്തിൽ സ്ഥാപിക്കണം. സംസ്ഥാനത്തെ മൂന്ന് നഗരങ്ങളിലെങ്കിലും ഇന്ററോഗേഷൻ സെന്ററുകൾ സ്ഥാപിക്കാനും ഇക്കോണോമിക് കുറ്റങ്ങളും സൈബർ കുറ്റങ്ങളും അന്വേഷിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനും എറണാകുളം കേന്ദ്രമാക്കി സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ട്രാഫിക് പോലീസ് സേനയുടെ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കുന്നതിനും സഭ്യമായ രീതിയിൽ ട്രാഫിക് കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്നതിനും സബ് ഇൻസ്പെക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. തീഹാർ ജയിലിലെ തൊഴിൽ സമ്പ്രദായം കേരളത്തിലെ ജയിലുകളിൽ നടപ്പിലാക്കുകയും ജയിലുകൾ അഴിമതി വിമുക്തമാക്കുകയും വേണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പോലീസ് സേനയിൽ കാതലായ മറ്റമുണ്ടാക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടില്ല. പാറമട

മാഫിയയെ നിയന്ത്രിക്കുന്നതിലും നിർഭയ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിലും ഗവൺമെന്റ് പരാജയപ്പെട്ടു. 'ഓപ്പറേഷൻ കുബേര പദ്ധതി' അഴിമതി വിമുക്തമായി നടപ്പിലാക്കുന്നതിനും ബ്ലെയ്ഡ് പലിശക്കാർക്ക് ഈടുനൽകിയ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള ചുമതല അതാത് ജില്ലാ കളക്ടർമാർക്ക് നൽകുന്നതിനും നോൺ-ബാങ്കിംഗ് ഫിനാൻസ് കമ്പനികളെയും മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെയും നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം. ക്രമസമാധാനപാലനരംഗം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പത്തുവർഷം ഇന്ത്യ ഭരിച്ച കോൺഗ്രസിന് പ്രതിപക്ഷ നേതൃസ്ഥാനം പോലും ലഭിക്കാത്ത അവസ്ഥയാണ് ഇന്നുണ്ടായിരിക്കുന്നത്. കേന്ദ്രം ഭരിച്ചിരുന്ന യു.പി.എ. ഗവൺമെന്റുമായി ചേർന്ന് നിരവധി ജനദ്രോഹനയങ്ങളാണ് കേരളത്തിൽ നടപ്പാക്കിയത്.

<u>ശ്രീ. വി. റ്റി. ബൽറാം</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്രമസമാധാന പാലന രംഗത്ത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയാണ് കേരളം. സാധാരണക്കാരുടെ ദുരിതാവസ്ഥയെ ചൂഷണം ചെയ്യുന്ന മാഫിയാ പ്രവണതയെ അടിച്ചമർത്തുന്നതിനുവേണ്ടി 'ഓപ്പറേഷൻ കുബേര' എന്ന പദ്ധതിയും മയക്കുമരുന്നിന്റെ ലോകത്തുനിന്നും കുട്ടികളെ രക്ഷിക്കുന്നതിനായി 'ക്ലീൻ കാമ്പസ്,

സേഫ് കാമ്പസ് എന്ന പദ്ധതിയും സ്ത്രീ സുരക്ഷയ്ക്കായി 'നിർഭയ കേരളം സുരക്ഷിത കേരളം' എന്ന പദ്ധതിയും നടപ്പിലാക്കി. സൈബർ കുറ്റകൃത്യങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനായി ടെക്നോപാർക്കിലെ ഐ.ടി. കമ്പനികളുമായി സഹകരിച്ച് 'Cyberdome project' നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇൻവെസ്റ്റിഗേഷൻ രംഗം ആധുനികവൽക്കരിക്കുന്നതിനായി 'ക്രൈം ആന്റ് ക്രിമിനൽസ് ട്രാക്കിംഗ് നെറ്റ്‌വർക്ക് ആന്റ് സിസ്റ്റംസ്' എന്ന പദ്ധതി ആവിഷ്കരിച്ചു. പ്രവാസികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി എൻ.ആർ.ഐ. സെൽ ആരംഭിച്ചതിനുപുറമേ പോലീസ് ആസ്ഥാനത്ത് ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററും ഇ-മെയിലിലൂടെ പരാതി നൽകാനുള്ള സംവിധാനവും ഒരുക്കി. പോലീസ് സർവ്വകലാശാല ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിയമനിർമ്മാണം എത്രയും വേഗം നടത്തുന്നതിനും പോലീസ് സേനയിൽ സ്ത്രീ പ്രാതിനിധ്യം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും വനിതാ പോലീസുകാരുടെ നിയമനത്തിൽ പി.എസ്.സി.യുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അവ്യക്തതകൾ പരിഹരിക്കുന്നതിനും സ്റ്റുഡന്റ് കേഡർ സംവിധാനം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. പോലീസ് സേനയുടെ ട്രെയിനിംഗ് കാലം സർവ്വീസിന്റെ ഭാഗമാക്കിയതും യൂണിഫോം അലവൻസ്

ഇരട്ടിയാക്കിയതും സ്വാഗതാർഹമാണ്. പ്രൊഫഷണൽ സർവ്വീസിന് നൽകുന്ന സേവന-വേതന വ്യവസ്ഥകൾ പോലീസ് സേനയ്ക്കും ബാധകമാക്കണം. പോലീസ് ഉദ്യോഗസ്ഥരുടെ ഇനിയും പരിഹരിക്കപ്പെടാത്ത നിരവധിയായ പ്രശ്നങ്ങൾക്ക് 10-ാം ശമ്പള കമ്മീഷനിൽ പരിഹാരം കണ്ടെത്താനും പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് മാറ്റുന്നതിനും തൃത്താല പോലീസ് സ്റ്റേഷന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. ജയിലുകൾ റീഹാബിലിറ്റേഷൻ സെന്ററുകളായി മാറ്റണം. ജയിലുകളെ ലഹരി വിമുക്തമാക്കുന്നതിനും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിന് സൗകര്യം ചെയ്തുകൊടുക്കുന്ന ഉദ്യോഗസ്ഥർക്ക് മാതൃകാപരമായ ശിക്ഷ നൽകുന്നതിനും നടപടിയുണ്ടാകണം. ജയിലുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തിയതുമൂലം സുരക്ഷ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീമതി കെ.കെ. ലതിക: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് ക്രമസമാധാനവും ജനങ്ങളുടെ സ്വൈര്യജീവിതവും ഉറപ്പുവരുത്തേണ്ട പോലീസ് അതിൽനിന്ന് വിഭിന്നമായ സമീപനമാണ് സ്വീകരിക്കുന്നത്. ക്രൈം റെക്കോഡ് ബ്യൂറോയുടെ കണക്ക് പ്രകാരം സാക്ഷരതയിൽ മുമ്പിൽനിൽക്കുന്ന കേരളം കുറ്റകൃത്യങ്ങളുടെ കാര്യത്തിലും മുൻപന്തിയിലാണ്. പക്ഷപാതപരമായ പ്രവർത്തനമാണ് പോലീസ് സേനയുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. കുറ്റവാളികളെ

സംരക്ഷിക്കുന്ന കേന്ദ്രങ്ങളായി സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ മാറിയിരിക്കുകയാണ്. നിയമസഭാ സമിതിയുടെ മുമ്പിൽ വരുന്ന പരാതികളിന്മേലുള്ള റിപ്പോർട്ടുകൾപോലും സമയത്ത് ലഭ്യമാക്കുന്നതിന് പോലീസ് വകുപ്പ് തയ്യാറാകുന്നില്ല. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള പീഡനങ്ങൾക്കെതിരെ കർശന നടപടിയെടുക്കുന്നതിനും വിദ്യാർത്ഥികൾക്കെതിരെ കിരാതമായ മർദ്ദനമുറകൾ അഴിച്ചുവിടുന്നത് അവസാനിപ്പിക്കുന്നതിനും പോലീസ് തയ്യാറാകണം. 'കാപ്പ' പോലുള്ള നിയമങ്ങൾ രാഷ്ട്രീയ പ്രതിയോഗികളുടെ മേൽ പ്രയോഗിക്കുന്ന സമീപനം മാറ്റണം. ജയിലുകളെ തടവുകാരുടെ മാനസാന്തര കേന്ദ്രമാക്കി മാറ്റുന്നതിനും ആധുനിക രീതിയിൽ പരിഷ്ക്കരിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് കൂടുതൽ കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് പോലീസ് സേനയുടെ കാര്യക്ഷമതയുടെ തെളിവാണ്. മാഫിയകൾക്കും അക്രമികൾക്കുമെതിരെ ശക്തമായ നടപടികളാണ് പോലീസ് സ്വീകരിക്കുന്നത്. കൊള്ളപ്പലിശക്കാർക്കെതിരെ ആഭ്യന്തര വകുപ്പ് നടത്തിയ ഓപ്പറേഷൻ കുബേര നടപടി സാധാരണക്കാർക്ക് ആശ്വാസമായിരുന്നു. അമിത പലിശ ഈടാക്കുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതിന് 'കാപ്പ' നിയമത്തിൽ ഭേദഗതി കൊണ്ടുവരാനുള്ള

നിർദ്ദേശം സ്വാഗതാർഹമാണ്. പോലീസ് സേനയെ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികളുണ്ടാകണം. ക്രമസമാധാനപാലനവും അന്വേഷണവും രണ്ടുവിഭാഗമാക്കി പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കണം. പോലീസ് നടപടികളിലെ വീഴ്ചകൾ പരിഹരിക്കുന്നതിന് ഡി.വൈ.എസ്.പി. തലത്തിൽ പ്രോസിക്യൂഷൻ വിംഗ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. ജയിലുകളിൽ മഴക്കുഴികൾ നിർമ്മിക്കുന്നതിനും തടവുകാർക്ക് സ്വയംതൊഴിൽ പദ്ധതി നടപ്പാക്കുന്നതിനുമുള്ള തീരുമാനങ്ങൾ സ്വാഗതാർഹമാണ്.

<u>ശ്രീ. എളമരം കരീം</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ സംഭ്രമജനകമായ വിധത്തിൽ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നുണ്ടെന്നുള്ള വസ്തുത കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. ഈ സർക്കാരിന്റെ കീഴിൽ നിഷ്പക്ഷമായും നിർഭയമായും നിയമപരമായും പ്രവർത്തിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് സ്വാതന്ത്ര്യമുണ്ടാകണം. പോലീസ് സേനയെ രാഷ്ട്രീയവത്ക്കരിക്കുന്ന നടപടിയെ നിരുത്സാഹപ്പെടുത്തണം. മുഖ്യമന്ത്രിയെ കല്ലെറിഞ്ഞ കേസിൽ രണ്ട് പ്രതിപക്ഷ എം.എൽ.എ.-മാരെ ഉൾപ്പെടുത്തിയ നടപടി അപലപനീയമാണ്. അന്യായമായി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാകണം. സോഷ്യൽ മീഡിയയിൽ അഭിപ്രായം പറഞ്ഞതിന്റെ പേരിൽ ജീവനക്കാർക്കെതിരെ

നടപടിയെടുക്കുന്നത് സംബന്ധിച്ചും ചില പ്രദേശങ്ങളിൽ പോലീസുകാർ കൈക്കൊള്ളുന്ന നിലപാടുകളെക്കുറിച്ചും ആഭ്യന്തര വകുപ്പ് ഗൗരവമായി പരിശോധിക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭരണകൂടത്തിന്റെ മർദ്ദനോപകരണമെന്ന നിലയിൽ നിന്നും ജനങ്ങൾക്ക് പ്രതീക്ഷയും പ്രത്യാശയും നൽകുന്ന കേന്ദ്രങ്ങളാക്കി പോലീസ് സ്റ്റേഷനുകളെ മാറ്റാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. കൊള്ളപ്പലിശക്കാരെ ഉന്മൂലം ചെയ്യുന്നതിനായി 'ഓപ്പറേഷൻ കുബേര'' നടപ്പാക്കിയത് ആഭ്യന്തര വകുപ്പിന്റെ നിശ്ചയദാർഢ്യത്തിന്റെ തെളിവാണ്. 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ് ' എന്ന പദ്ധതിയിലൂടെ ക്യാമ്പസുകളിലെ ലഹരി പദാർത്ഥങ്ങളുടെ വ്യാപനം തടയാൻ തീരുമാനിച്ചത് അഭിനന്ദനാർഹമാണ്. പോലീസുകാർക്ക് ശബരിമലയിലേയ്ക്ക് സൗജന്യ ബസ് യാത്ര ആരംഭിച്ചതും പോലീസ് ക്യാന്റീൻ യാഥാർത്ഥ്യമാക്കിയതും 2500-ഓളം തസ്തികകൾ അപ്ഗ്രേഡ് ചെയ്തതും നാലാം ഗ്രേഡ് അനുവദിച്ചതും ജനമൈത്രി പോലീസിംഗിന്റെ ഭാഗമായി 740 പുതിയ പോസ്റ്റുകൾ അനുവദിച്ചതും യു.ഡി.എഫ്. സർക്കാരാണ്. പീപ്പിൾസ്-പോലീസ് റേഷ്യോ വർദ്ധിപ്പിച്ച്

പോലീസ് സേനയെ ശക്തിപ്പെടുത്തുകയും കൂടുതൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുകയും ചെയ്യണം. ജയിൽ വാർഡന്മാരുടെ എണ്ണം വർദ്ധിപ്പിക്കണം. ലാ ആന്റ് ഓർഡറും ഇൻവെസ്റ്റിഗേഷനും രണ്ട് വിഭാഗമാക്കി മാറ്റി പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. പോലീസ് റിഫോംസ് കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കണം. കിറ്റെക്സ് വസ്ത്രനിർമ്മാണ കമ്പനി സ്ത്രീകളെകൊണ്ടുപോയി നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തുവെന്ന ആക്ഷേപത്തെപ്പറ്റി അന്വേഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പോലീസ് സംവിധാനം മെച്ചപ്പെടുത്തിക്കൊണ്ട് ജനക്ഷേമകരമായ നിലയിൽ ഭരണം നടത്തുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്. സർക്കാരിന്റെ മൂന്നുവർഷത്തെ ഭരണത്തിനിടയിൽ ആഭ്യന്തരവകുപ്പിനെ സംബന്ധിച്ച ധനാഭ്യർത്ഥനകൾ അവതരിപ്പിക്കപ്പെട്ടത് മൂന്ന് ആഭ്യന്തരവകുപ്പുമന്ത്രിമാരാണെന്നതുതന്നെ സർക്കാരിന്റെ ഭരണസ്ഥിരത യില്ലായ്മയുടെ തെളിവാണ്. ബ്ലേഡ് മാഫിയകളെ അമർച്ച ചെയ്യാനായി നിയോഗിച്ച 'ഓപ്പറേഷൻ കുബേര'യിലെ പോലീസ് ഉദ്യോഗസ്ഥരടക്കം പോലീസ് വകുപ്പിനെക്കുറിച്ച് ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് വിവിധ റിപ്പോർട്ടുകളിലൂടെ

പുറത്തുവന്നുകൊണ്ടിരിക്കുന്നത്. പോലീസ് സേനയിൽ കാര്യശേഷിയോടുകൂടി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ സ്ഥലംമാറ്റി പകരം അഴിമതിക്കാരായ ഉദ്യോഗസ്ഥരെ വച്ച് ഭരണം നടത്തുന്ന അവസ്ഥയാണ് നിലവിലുള്ളത്. സർക്കാരിനെ അനുകൂലിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാനത്ത് എന്തും ചെയ്യാനാകുന്ന സ്ഥിതിവിശേഷമാണുള്ളത്. ക്വാറി ഉടമയുടെ കയ്യിൽനിന്ന് കൈക്കൂലി വാങ്ങിയ പോലീസ് ഉദ്യോഗസ്ഥനെതിരെ അന്വേഷണം നടത്താൻ തയ്യാറാകാത്ത സർക്കാരാണിത്. കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ അമർച്ച ചെയ്യുന്നതിനുപകരം 'കാപ്പ' നിയമമുപയോഗിച്ച് പാലക്കാട് ജില്ലാ പഞ്ചായത്ത് മെമ്പറടക്കം എൽ.ഡി.എഫ്.-ന്റെ പൊതുപ്രവർത്തകർക്കെതിരെ കള്ളക്കേസ് ചുമത്തി ജയിലിലിലടയ്ക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സർക്കാരിനെ അനുകൂലിക്കുന്നവർ, എതിർക്കുന്നവർ എന്ന തരത്തിൽ പോലീസ് സേനയെ രണ്ടായി ഭിന്നിപ്പിച്ചുകൊണ്ട് പോലീസുകാരുടെ സഹകരണ സംഘങ്ങൾപോലും പിടിച്ചെടുക്കാൻ വഴിവിട്ട് ഇടപെടുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. പോലീസ് സേനയെ രാഷ്ട്രീയവൽക്കരിച്ചതിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കും യാതൊരുവിധ സുരക്ഷിതത്വവുമില്ലാത്ത സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. സർക്കാരിന്റെ 'നിർഭയപദ്ധതി ' വെറും സ്വപ്നപദ്ധതിയായി

തീർന്നു. പട്ടികജാതി/പട്ടികവർഗ്ഗം, ആദിവാസി എന്നീ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ സർക്കാരിന് കഴിയുന്നില്ല. രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. പോലീസിനെ പ്രതിപക്ഷത്തിനെതിരെ തിരിച്ചുവിട്ട് ഭരണകക്ഷിക്ക് എന്തുംചെയ്യാനുള്ള അവസരമൊരുക്കി തികച്ചും ഏകപക്ഷീയമായി പ്രശ്നങ്ങളെ കൈകാര്യം ചെയ്യുകയാണ്. അക്രമികൾ, കൊലപാതകികൾ, മോഷ്ടാക്കൾ, എന്നിവർക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല; മനുഷ്യന്റെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഇല്ലാതായിരിക്കുന്നു. അഭിപ്രായം പറയാനും വിമർശിക്കാനുമുള്ള സ്വാതന്ത്ര്യത്തിനുനേരെ നടത്തുന്ന കടന്നാക്രമണം അവസാനിപ്പിക്കാനും മതന്യൂനപക്ഷത്തിന് മതിയായ സുരക്ഷിതത്വം നൽകാനും തയ്യാറാകണം. കമ്മ്യൂണിറ്റി പോലീസിൽ ആവശ്യത്തിന് ബീറ്റ് ഓഫീസർമാരെ നിയോഗിക്കണം. ആവശ്യമായ ബഡ്ജറ്റ് സപ്പോർട്ട് നൽകി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയെ വികസിപ്പിക്കണം. കാപ്പ നിയമം ഉപയോഗിച്ച് പ്രതിപക്ഷത്തെ അടിച്ചമർത്താമെന്ന് കരുതരുത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ധനാഭ്യർത്ഥന ചർച്ചയിൽ മുന്നോട്ടുവച്ച ക്രിയാത്മക നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. സംസ്ഥാനത്ത് മികച്ച ക്രമസമാധാനമാണ് നിലനിൽക്കുന്നത്. നിയമവാഴ്ച ഉറപ്പുവരുത്താനും പോലീസ് സേനയെ വിശ്വാസത്തിലെടുത്ത് സംസ്ഥാനത്തെ സാധാരണക്കാർക്കും പാവപ്പെട്ട ജനങ്ങൾക്കും നീതി ഉറപ്പുവരുത്താനും നിയമത്തിന്റെ മുമ്പിൽ കുറ്റവാളികളെ കൊണ്ടുവരാനുമുള്ള ദൗത്യമാണ് പോലീസ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. അക്രമികളെയും കൊലപാതകികളെയും സാമൂഹ്യ വിരുദ്ധരെയും സാമൂഹ്യവിരുദ്ധ ശക്തികളെയും നിയന്ത്രിക്കുന്നതോടൊപ്പം ജനങ്ങളുടെ താല്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രവർത്തിക്കുന്ന പോലീസ് സേനയെയാണ് വിഷ്വലൈസ് ചെയ്യുന്നത്. പോലീസ് സ്റ്റേഷനിൽ എത്തുന്ന പൊതുപ്രവർത്തകരടക്കമുള്ള ജനവിഭാഗത്തോട് മാന്യമായി പെരുമാറണമെന്നും അവരുടെ പരാതികൾ സശ്രദ്ധം കേൾക്കണമെന്നും ന്യായത്തിന്റെയും നീതിയുടെയും നിയമത്തിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കണമെന്നും പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 248 പോലീസ് സ്റ്റേഷനുകളിലാണ് ഇപ്പോൾ ജനമൈത്രി പോലീസ് പ്രവർത്തിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും ചൂഷണവും ഫലപ്രദമായി തടയുക, ജീവിത സുരക്ഷ ഉറപ്പാക്കുക

എന്നീ ലക്ഷ്യത്തോടെ ആരംഭിക്കുന്ന 'നിർഭയ കേരളം സുരക്ഷിത കേരളം' എന്ന പരിപാടിയുടെ ആദ്യഘട്ടം എറണാകുളം ജില്ലയിൽ പ്രാവർത്തികമാക്കാൻ പോകുകയാണ്. കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാനുള്ള തീവ്രമായ ശ്രമത്തിന്റെ ഭാഗമായി കുറ്റാന്വേഷണവും ക്രമസമാധാനപാലനവും രണ്ടാക്കി തിരിച്ചുകൊണ്ട് പോലീസ് സേനയുടെ പ്രവർത്തനം പരീക്ഷണാർത്ഥം കാസർകോഡ് ജില്ലയിൽ ഈ വർഷം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആധുനിക പരിശീലനം നേടിയ കമാൻഡോകളെ ഉൾപ്പെടുത്തി മാവോയിസ്റ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും തടയുന്നതിനുമായി തണ്ടർ ബോൾട്ട് എന്ന ഭീകരവിരുദ്ധ സുരക്ഷാ വിഭാഗത്തെ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിൽ കമാൻഡോ പരിശീലന കേന്ദ്രം ആരംഭിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി 150 അംഗങ്ങളുള്ള സംസ്ഥാന ദുരന്തനിവാരണ സേനയുടേയും പൊതു-സ്വകാര്യമേഖല സ്ഥാപനങ്ങൾക്ക് പ്രതിഫല വ്യവസ്ഥയിൽ സുരക്ഷിതത്വം നൽകുന്നതിന് സംസ്ഥാന വ്യവസായ സുരക്ഷാസേനയുടെയും തിരുവനന്തപുരത്ത് ദ്രുതകർമ്മസേനയുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ

തടയുന്നതിനായി ഒമ്പത് ജില്ലകളിൽ ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം ഏർപ്പെടുത്തുകയും പോലീസിന്റെ അന്വേഷണം ഡിജിറ്റലൈസ് ചെയ്യുന്നതിനായി ഓട്ടോമാറ്റഡ് ഫിംഗർ പ്രിന്റ് ഐഡന്റിഫിക്കേഷൻ സിസ്റ്റം, ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് സിസ്റ്റം, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിനും പോലീസ്-പബ്ലിക്-പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും എഴുപത് സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അഞ്ച് ജില്ലകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കേരളം, കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ യോജിച്ചുനിന്ന് ആന്റി നക്സൽ ഓപ്പറേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. ആദിവാസി മേഖലയിൽ വികസന പ്രവർത്തനം ശക്തമാക്കാനും തീവ്രവാദികളെ നേരിടാനും പോലീസ് നടപടിയെ ശക്തമാക്കുക എന്ന ദ്വിമുഖ പദ്ധതിയാണ് നടപ്പിലാക്കുന്നത്. മാവോയിസ്റ്റ് പ്രവർത്തനങ്ങൾ ഫലപ്രദമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി പ്രത്യേക ഡയറക്ടറേറ്റ് ആരംഭിക്കാനും

തീരുമാനിച്ചിട്ടുണ്ട്. എസ്.പി.സി.യുടെ പ്രവർത്തനം സംബന്ധിച്ച് സോഷ്യൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇംപാക്ട് സ്റ്റഡി നടത്താനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. തുടങ്ങിയ സ്വകാര്യ സ്കൂൾ തലങ്ങളിലും എസ്.പി.സി.ക്കുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതാണ്. തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനും സുരക്ഷാ നടപടികൾ ശക്തമാക്കുന്നതിനുമായി പുതിയ പത്ത് തീരദേശ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും മുതിർന്ന പൗരന്മാരുടെ സുരക്ഷയ്ക്കായി സീനിയർ സിറ്റിസൺസ് സർവ്വീസ് ബ്യൂറോ ആരംഭിക്കും. എല്ലാ പോലീസ് സ്റ്റേഷനുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി ഫയലുകൾ ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സേവനാവകാശ നിയമത്തിന്റെ പരിധിയിൽ പതിനാല് സേവനങ്ങളെ ഉൾപ്പെടുത്തുകയും ആദിവാസി വിഭാഗങ്ങളുടെ വികസനത്തിനായി ഒരു സ്പെഷ്യൽ നോഡൽ ഓഫീസറെ നിയമിച്ച് കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. റോഡപകടങ്ങൾ തടയുന്നതിനും അപകടത്തിൽപ്പെടുന്നവരെ സഹായിക്കുന്നതിനുമായി ട്രാഫിക് പോലീസിൽ 'സ്മൈൽ എന്ന പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സ്ത്രീകൾ അടക്കമുള്ളവരെ

നാട്ടുകടത്തി ചൂഷണം ചെയ്യുന്നത് തടയാനാവശ്യമായ നടപടികൾ സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് നടപ്പാക്കുന്നതിന്റെ ആദ്യ ഘട്ടമായി തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, കാസ്രർഗോഡ്, കൊല്ലം എന്നീ ജില്ലകളിൽ പോലീസിന്റെ മേൽനോട്ടത്തിൽ സെല്ലുകൾ ആരംഭിക്കാനും ക്രമേണ മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനതല ക്രൈം ബ്രാഞ്ചിന് കീഴിൽ കെട്ടികിടക്കുന്ന കേസുകളുടെ ബാഹുല്യം പരിഗണിച്ച് ജില്ലാതല ക്രൈം ഡിറ്റാച്ച്മെന്റ് ഓഫീസുകളെ ജില്ലാതല ക്രൈം ബ്രാഞ്ചുകളായി രൂപാന്തരപ്പെടുത്തുകയാണ്. 'ഓപ്പറേഷൻ കുബേര'യും അതുമായി ബന്ധപ്പെട്ട പോലീസ് നടപടികളും തുടരാമെന്നാണ് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളത്. ബ്ലേഡ് മാഫിയയുടെ പ്രവർത്തനത്തിലൂടെ നിരവധി കുടുംബങ്ങൾ ആത്മഹത്യം ചെയ്യുകയും വഴിയാധാരമാകുകയും ചെയ്യുന്നതായി ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നിരവധി വൻകിട സ്ഥാപനങ്ങളിൽ പോലീസ് റെയ്ഡ് നടത്തുകയും വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അനധികൃതമായ പണമിടപാട് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ശക്തമായ നടപടിയുണ്ടാകും. ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ മണി ലെന്റേഴ്സ്

ആക്ടിന്റെ പരിധിയിൽ വരില്ല എന്ന കേസിന്മേലുള്ള സുപ്രീം കോടതിയുടെ സ്റ്റേ വെക്കേറ്റ് ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമത്തിന്റെ പിൻബലമില്ലാതെ ഇടപാടുകാരിൽനിന്നും ബ്ലാങ്ക് ചെക്കുകളും മുദ്രപത്രങ്ങളും വാങ്ങിവയ്ക്കുന്നതും അനധികൃതമായി പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതുമായി നിരവധി ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. പല ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളും റിസർവ് ബാങ്കിന്റെ ഡയറക്ഷൻ പാലിക്കുന്നില്ലെന്ന് പറഞ്ഞ് റിസർവ് ബാങ്ക് ഗവർണർക്ക് കത്ത് അയച്ചിട്ടുണ്ട്. വളർന്നുവരുന്ന തലമുറയെ ലഹരി വിമുക്തമാക്കാൻ വിദ്യാഭ്യാസ-ആരോഗ്യ-ആഭ്യന്തര വകുപ്പുകൾ ചേർന്നുകൊണ്ട് 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് ' പദ്ധതി വ്യാപകമാക്കാൻ തീരുമാനിച്ചു. അതിനായി എല്ലാ എം.എൽ.എ.മാരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്ത് ഡിവൈ.എസ്.പി. മാരുടെ ട്രാൻസ്ഫറിനുവേണ്ടി തൽക്കാലം നിരോധിച്ചിരിക്കുകയാണ്. അതിനുവേണ്ടി പ്രത്യേകം നോംസ് തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിൽ നിന്നും 11 കേസുകൾ എൻ.ഐ.എ.ക്ക് കൈമാറിയിട്ടുണ്ട്. പോലീസുകാരുടെ അനധികൃത സാമ്പത്തിക തിരിമറികൾ ഇന്റലിജൻസിന്റെ നിരീക്ഷണത്തിലാണ്. ജയിലർമാരും കുറ്റവാളികളും തമ്മിലുള്ള അവിഹിത ബന്ധം

തടയുന്നതിനായി കർശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജയിലുകളിൽ പൂർണ്ണമായി പുകവലി നിരോധിക്കാനും അതിന് ബുദ്ധിമുട്ടുണ്ടാകുന്നവരെ ചികിത്സിക്കാനുള്ള സംവിധാനം ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. വൈറ്റ് കോളർ, ന്യൂജനറേഷൻ ക്രൈംസ് വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ എറണാകുളത്ത് പുതുതായി സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങൾ ഡിസ്പോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കേസന്വേഷണത്തിൽ രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാകാൻ പാടില്ലെന്നതാണ് സർക്കാർ നിലപാട്. കാലാകാലങ്ങളായി നടപ്പിലാക്കിവരുന്ന പോലീസ് റിഫോംസ് തന്നെയാണ് ഇപ്പോഴും നടപ്പിലാക്കുന്നത്. പോലീസിൽ വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 500 വനിതാ പോലീസുകാരെയും 60 എസ്.ഐ. -മാരെയും റിക്രൂട്ട് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പോലീസിനെ രാഷ്ട്രീയവത്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫലപ്രദമായ രീതിയിൽ ജയിൽ പരിഷ്കരണം നടത്തിവരുന്നു. തടവുപുള്ളികളുടെ പൗരാവകാശവും ക്ഷേമവും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തീവ്രവാദവും മൗലിക വാദവും

തടയുന്നതിനുവേണ്ടി വിയ്യൂരിൽ 20 കോടി രൂപ ചെലവഴിച്ച് അതീവ സുരക്ഷാ ജയിൽ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. മലപ്പുറം ജില്ലയിലെ തവനൂരിൽ സെൻട്രൽ ജയിൽ നിർമ്മിക്കുന്നതിന് 10 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. തടവുകാരുടെ ക്ഷേമം മുൻനിർത്തി ജയിലുകളിൽ ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിനും അവരുടെ പുനഃരധിവാസത്തിനു നടപടികൾ എടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങളില്ലാത്ത കേരളം വാർത്തെടുക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ സമീപനം. സാമൂഹ്യവിരുദ്ധരെയും നിയമലംഘകരെയും ശക്തമായിത്തന്നെ നേരിടുകയും ജനങ്ങൾക്ക് സൈ്വരജീവിതം ഉറപ്പുവരുത്തുകയും ചെയ്യും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും 59-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 05.03-ന് പിരിഞ്ഞു.

****************